LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 23 ജില്ലാ ട്രഷറികളിലുമായി 388 T.P. അക്കൗണ്ടുകൾ ഉള്ളതിൽ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2015 മാർച്ച് 31-ന് 185,96,53,110 രൂപ നിലനിന്നിരുന്നു. തദ്ദേശ വകുപ്പിനായി വകയിരുത്തപ്പെട്ട തുകയിൽ ചെലവഴിക്കാതിരുന്ന തുക 18,61,41,652 രൂപയാണ്.

(ബി) 2015 മാർച്ച് 31-ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ T.P. അക്കൗണ്ടുകളിലുണ്ടായിരുന്ന മൊത്തം തുക 128,73,37,913 രൂപയാണ്.

ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപ സമാഹരണം

167 (3321) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപ സമാഹരണം എന്ന ലക്ഷ്യം കൈവരിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിക്ഷേപ സമാഹരണത്തിലെ കുറവ് സംസ്ഥാനത്തിന് വായ്പയായി ലഭിക്കുന്ന തുകയിൽ കാര്യമായ നഷ്ടം ഉണ്ടാക്കുന്നുണ്ടോ;

(സി) ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഉയർത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ നിക്ഷേപ സമാഹരണ ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടില്ല.

(ബി) നിക്ഷേപ സമാഹരണത്തിലെ കുറവ് സംസ്ഥാനത്തിന് വായ്പയായി ലഭിക്കുന്ന തുകയിൽ കാര്യമായ നഷ്ടം ഉണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഉയർത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.